ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 05.12.2024**

## പ്രധാനവാർത്തകൾ

1). **വ്യോമയാന മേഖലയുടെ നവീകരണം ലക്ഷ്യമിടുന്ന ഭാരതീയ വായുയാൻ വിധേയക് ബിൽ പാർലമെൻറ് പാസ്സാക്കി. പ്രതിപക്ഷ പ്രതിഷേധത്തെ തുടർന്ന് ലോക്സഭ ഇന്നത്തേക്ക് പിരിഞ്ഞു.**

2) **മഹാരാഷ്ട്ര മുഖ്യമന്ത്രിയായി ദേവേന്ദ്ര ഫഡ്നാവിസ് സത്യപ്രതിജ്ഞ ചെയ്തു. ഏക്നാഥ് ഷിൻഡേയും, അജിത് പവാറും ഉപമുഖ്യമന്ത്രിമാർ.**

RNU TVPM

3) **പ്രോബ ത്രീ പേടകം വിജയകരമായി ഭ്രമണപഥത്തിലെത്തിച്ച് ഐ.എസ്.ആർ.ഒ.**

4) **കളർകോട് വാഹനാപകടത്തിൽ പരിക്കേറ്റ് ചികിത്സയിലായിരുന്ന ഒരു വിദ്യാർത്ഥി കൂടി മരിച്ചു. എടത്വ സ്വദേശി ആൽവിൻ ജോർജ് ആണ് മരിച്ചത്.**

5) **എലത്തൂർ ഇന്ധനച്ചോർച്ചയിൽ എച്ച്.പി.സി.എല്ലിന് കാരണംകാണിക്കൽ നോട്ടീസ് നൽകി കോഴിക്കോട് ജില്ലാ കളക്ടർ.**

6) **ഓസ്ട്രേലിയയ്ക്കെതിരായ വനിതാ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ ആദ്യമത്സരത്തിൽ ഇന്ത്യക്ക് പരാജയം.**

***********************************************

## ലോക്സഭ

പ്രതിപക്ഷ പ്രതിഷേധത്തെ തുടർന്ന് ലോക്സഭ ഇന്നത്തേക്ക് പിരിഞ്ഞു. സംഭൽ വിഷയം ഉൾപ്പെടെ ഉയർത്തിയായിരുന്നു പ്രതിപക്ഷ എംപിമാർ സഭയിൽ പ്രതിഷേധിച്ചത്. ബിജെപി എംപി നിഷികാന്ത് ദുബേ കോൺഗ്രസ് നേതാക്കൾക്കെതിരെ ആരോപണം ഉന്നയിച്ചതും പ്രതിപക്ഷത്തെ പ്രകോപിപ്പിച്ചു. ഇന്ത്യൻ ജനാധിപത്യത്തെ വഴി തെറ്റിക്കാൻ ചില ശക്തികൾ ശ്രമിക്കുന്നതായി ഒരു ഫ്രഞ്ച് മാധ്യമ റിപ്പോർട്ട് ഉദ്ധരിച്ചുകൊണ്ട് പറഞ്ഞ നിഷികാന്ത് ദുബേ ഇത്തരം റിപ്പോർട്ടുകൾ രാഹുൽ ഗാന്ധി ഉൾപ്പെടെയുള്ള പ്രതിപക്ഷ നേതാക്കൾ സമൂഹമാധ്യമങ്ങളിൽ പങ്കുവയ്ക്കുന്നതായും ആരോപിച്ചു. പ്രതിഷേധത്തെ തുടർന്ന് രണ്ട് തവണ നിർത്തിവച്ച നടപടികൾ മൂന്ന് മണിക്ക് പുനരാരംഭിച്ചെങ്കിലും ബഹളം തുടർന്ന സാഹചര്യത്തിൽ ഇന്നത്തേക്ക് പിരിയുകയായിരുന്നു. രാജ്യസഭയിലും സമാനരീതിയിലുള്ള പ്രതിഷേധം അരങ്ങേറിയതിനെ തുടർന്ന് സഭാ നടപടികൾ 12 മണി വരെ നിർത്തിവച്ചിരുന്നു.

****************************************

## രാജ്യസഭ ഇൻട്രോ

വ്യോമയാന മേഖലയുടെ നവീകരണം ലക്ഷ്യമിടുന്ന ഭാരതീയ വായുയാൻ വിധേയക് ബിൽ പാർലമെൻറ് പാസ്സാക്കി. ലോക്സഭ ഇതിനകം തന്നെ പാസ്സാക്കിയ ബില്ലിന് രാജ്യസഭ ഇന്ന് അംഗീകാരം നൽകുകയായിരുന്നു. വിമാനനിരക്കിലെ ക്രമക്കേടുകൾ പരിഹരിക്കാൻ ബിൽ സംവിധാനമൊരുക്കുമെന്ന് രാജ്യസഭയിൽ ചർച്ചയ്ക്ക് മറുപടി നൽകിക്കൊണ്ട് കേന്ദ്ര വ്യോമയാന മന്ത്രി രാം മോഹൻ നായിഡു പറഞ്ഞു. താങ്ങാവുന്ന നിരക്കിലുള്ള വിമാനയാത്ര രാജ്യത്ത് ഉറപ്പുവരുത്താൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും അദ്ദേഹം വ്യക്തമാക്കി.

(ഹോൾഡ്)

നടപടികൾ പൂർത്തിയാക്കി രാജ്യസഭ ഇന്നത്തേക്ക് പിരിഞ്ഞു.

RNU TVPM

****************************************

## സത്യപ്രതിജ്ഞ

മഹാരാഷ്ട്ര മുഖ്യമന്ത്രിയായി മുതിർന്ന ബിജെപി നേതാവ് ദേവേന്ദ്ര ഫഡ്നാവിസ് സത്യപ്രതിജ്ഞ ചെയ്തു . മുംബൈ ആസാദ് മൈതാനിൽ നടന്ന ചടങ്ങിൽ ഗവർണർ സി.പി രാധാകൃഷ്ണൻ സത്യവാചകം ചൊല്ലിക്കൊടുത്തു. ഉപമുഖ്യമന്ത്രിമാരായി ശിവസേനാ നേതാവ് ഏക്നാഥ് ഷിൻഡേയും, എൻസിപി നേതാവ് അജിത് പവാറും സത്യപ്രതിജ്ഞ ചെയ്തു. പ്രധാനമന്ത്രി നരേന്ദ്രമോദി, കേന്ദ്രമന്ത്രിമാർ തുടങ്ങി പ്രമുഖ നേതാക്കൾ ചടങ്ങിൽ പങ്കെടുത്തു. 288 ൽ 230 സീറ്റുകളിൽ വിജയിച്ചാണ് ബിജെപി-ശിവസേന-എൻ.സി.പി സഖ്യം മഹാരാഷ്ട്രയിൽ ഭരണത്തിലെത്തിയത്.

****************************************

## ആലപ്പുഴ മരണം

ആലപ്പുഴ കളർകോട് വാഹനാപകടത്തിൽ ഒരു വിദ്യാർഥി കൂടി മരിച്ചു. കൊച്ചിയിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലായിരുന്ന എടത്വ പള്ളിച്ചിറയിൽ ആൽവിൻ ജോർജ് ആണ് മരിച്ചത്. 20 വയസായിരുന്നു. ഇതോടെ കളർകോട് അപകടത്തിൽ മരിച്ച വിദ്യാർഥികളുടെ എണ്ണം ആറായി. ഗുരുതരാവസ്ഥയിലായിരുന്ന ആൽവിനെ ഇന്നലെയാണ് ആലപ്പുഴ മെഡിക്കൽ കോളജിൽനിന്നും കൊച്ചിയിലെ സ്വകാര്യ ആശുപത്രിയിലേക്ക് മാറ്റിയത്.

****************************************

## ഇന്ധനചോർച്ച ഇൻട്രോ

എലത്തൂർ ഹിന്ദുസ്ഥാൻ പെട്രോളിയം ഡിപ്പോയിൽ നിന്ന് ഇന്ധനച്ചോർച്ചയുണ്ടായ സംഭവത്തിൽ ജലാശയങ്ങൾ ശുചീകരിക്കുന്നതിന് പ്രഥമ പരിഗണന നൽകുമെന്ന് കോഴിക്കോട് ജില്ല കളക്ടർ സ്നേഹിൽ കുമാർ സിംഗ്. സ്ഥാപനത്തിന് കാരണംകാണിക്കൽ നോട്ടീസ് നൽകിയതായും കളക്ടർ അറിയിച്ചു.

RNU TVPM

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ല പ്രതിനിധി നസീർ ബാബു....

(വോയിസ്)

*****************************************

## ഐഎസ്ആർഒ പ്രോബ ത്രീ

ഐ.എസ്.ആർ.ഒയുടെ പ്രോബ ത്രീ വിക്ഷേപണം വിജയകരം. ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ ബഹിരാകാശ കേന്ദ്രത്തിൽ നിന്നും പി എസ് എൽ വി C- 59 റോക്കറ്റാണ് യുറോപ്യൻ സ്പേസ് ഏജൻസി പേടകമായ പ്രോബ-3 യെ ഭ്രമണ പഥത്തിൽ വിന്യസിച്ചത് . പേടകത്തിൽ ചില സാങ്കേതിക തകരാറുകൾ കണ്ടെത്തിയതിനെ തുടർന്ന് ഇന്നലെ നടക്കേണ്ടിയിരുന്ന വിക്ഷേപണം ഇന്നത്തേക്ക് മാറ്റുകയായിരുന്നു. ഇന്ത്യയുടെ ബഹിരാകാശ നേട്ടങ്ങളുടെയും, ബഹിരാകാശ രംഗത്തെ അന്താരാഷ്ട്ര സഹകരണത്തിൻ്റെയും വിജയമായാണ് ഈ അഭിമാന മുഹൂർത്തത്തെ രാജ്യം നോക്കിക്കാണുന്നത്.

*****************************************

## വീണാ ജോർജ്- അനുഭവ സദസ് 2.0

പരമാവധി പേർക്ക് സൗജന്യ ആരോഗ്യ പരിരക്ഷ ഉറപ്പാക്കുക ലക്ഷ്യമിട്ടുള്ള ദേശീയ ശിൽപശാല "അനുഭവ സദസ് 2.0' ക്ക് സംസ്ഥാനത്ത് തുടക്കം. പരിപാടിയുടെ ഉദ്ഘാടനം മന്ത്രി വീണാ ജോർജ് ഓൺലൈനായി നിർവ്വഹിച്ചു. തുടർച്ചയായി മൂന്ന് വർഷം ഇന്ത്യയിൽ ഏറ്റവും അധികം സൗജന്യ ചികിത്സ നൽകുന്ന സംസ്ഥാനമാണ് കേരളം എന്നും ഈ നേട്ടം മറ്റ് സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കാനാണ് ശിൽപശാല സംഘടിപ്പിക്കുന്നതെന്നും മന്ത്രി പറഞ്ഞു.

*****************************************

RNU TVPM

## മന്ത്രി കെ. രാജൻ

സമ്പൂർണ്ണ ഡിജിറ്റൽ റീസർവേ പൂർത്തിയാകുന്നതോടെ സംസ്ഥാനത്തെ മുഴുവൻ വില്ലേജുകളും ഭൂരേഖകളും എന്റെ ഭൂമി പോർട്ടലിൽ ലഭ്യമാകുമെന്ന് മന്ത്രി കെ. രാജൻ. ഇത് വഴി ഭൂമിയുമായി ബന്ധപ്പെട്ട തർക്കങ്ങൾ അവസാനിപ്പിക്കാനാകുമെന്നും മന്ത്രി പറഞ്ഞു. പെരുമ്പാവൂരിൽ സ്മാർട്ട് വില്ലേജ് ഓഫീസ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

****************************************

## കെ എസ് ആർ ടി സി

സംസ്ഥാനത്തെ എല്ലാ കെ എസ് ആർ ടി സി ബസുകളിലും മാലിന്യം നിക്ഷേപിക്കാൻ വേസ്റ്റ് ബിന്നുകൾ സ്ഥാപിക്കും. മന്ത്രിമാരായ എം ബി രാജേഷിന്റെയും കെ ബി ഗണേഷ് കുമാറിന്റെയും നേതൃത്വത്തിൽ ചേർന്ന ഉന്നതയോഗത്തിലാണ് തീരുമാനം. ഡിപ്പോകളിലും ആവശ്യമായ ചവറ്റുകുട്ടകളും, മാലിന്യ സംസ്കരണ സംവിധാനങ്ങളും സജ്ജമാക്കാനും തീരുമാനിച്ചിട്ടുണ്ട്.

RNU TVPM

****************************************

## വാർഡ് വിഭജനം

തദ്ദേശവാർഡ് വിഭജനവുമായി ബന്ധപ്പെട്ട് 16,896 പരാതികൾ ലഭിച്ചതായി സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷൻ. മലപ്പുറം ജില്ലയിലാണ് ഏറ്റവുമധികം പരാതികൾ ലഭിച്ചത്. കോർപ്പറേഷൻ വിഭാഗത്തിൽ തിരുവനന്തപുരത്തും, ഗ്രാമപഞ്ചായത്ത് വിഭാഗത്തിൽ ആനക്കയത്തുമാണ് ഏറ്റവുമധികം പരാതികൾ.

****************************************

## ശബരിമല

ശബരിമലയിൽ ഭക്തജനത്തിരക്കേറുന്നു. മണ്ഡലമകരവിളക്ക് കാലത്ത് ഇതുവരം 15 ലക്ഷം തീർത്ഥാടകരാണ് സന്നിധാനത്തെത്തിയത്. തീർത്ഥാടനം സുഗമമാക്കാൻ വിപുലമായ ക്രമീകരണങ്ങളാണ് ദേവസ്വം ബോർഡ് ഒരുക്കിയിരിക്കുന്നത്.

****************************************

## വയനാട്- എൽഡിഎഫ് പ്രക്ഷോഭം

വയനാട് ദുരന്തത്തിൽ കേരളത്തിന് അർഹമായ സഹായം കേന്ദ്രത്തിൽ നിന്ന് ലഭിക്കുന്നില്ലെന്ന് ചൂണ്ടിക്കാട്ടി എൽ.ഡി.എഫ് ഇന്ന് സംസ്ഥാന വ്യാപകമായി പ്രതിഷേധം നടത്തി. രാജ്ഭവനിലേക്ക് നടന്ന പ്രതിഷേധ മാർച്ച് സിപിഐ(എം) സംസ്ഥാന സെക്രട്ടറി എം.വി ഗോവിന്ദൻ ഉദ്ഘാടനം ചെയ്യു.

****************************************

## വികസിത് ഭാരത് യുവ നേതൃസംവാദം

കേന്ദ്ര യുവജനകാര്യ കായിക മന്ത്രാലയം സംഘടിപ്പിക്കുന്ന വികസിത് ഭാരത് യുവ നേതൃസംവാദത്തിലേക്ക് അപേക്ഷിക്കുന്നതിനുള്ള അവസാന തീയതി ഈ മാസം 10 വരെ നീട്ടി. വികസിത ഭാരതത്തിനായുള്ള ആശയങ്ങൾ പ്രധാനമന്ത്രിക്ക് മുൻപാകെ അവതരിപ്പിക്കാൻ യുവജനങ്ങൾക്ക് അവസരം നൽകുന്നതാണ് ഈ പരിപാടി.

****************************************

## ജലവിതരണം തടസ്സപ്പെടും.

തിരുവനന്തപുരം നഗരത്തിൽ നാളെ രാവിലെ 10 മുതൽ മറ്റന്നാൾ രാവിലെ 10 വരെ ജലവിതരണം തടസ്സപ്പെടും. ഉപഭോക്താക്കൾ മുൻകരുതൽ സ്വീകരിക്കണമെന്ന് വാട്ടർ അതോറിറ്റി അറിയിച്ചു.സ്മാർട്ട് സിറ്റി പദ്ധതിയുടെ ഭാഗമായുള്ള പ്രവൃത്തികൾ നടക്കുന്ന സാഹചര്യത്തിലാണ് ജലവിതരണം തടസപ്പെടുത്തുന്നത്.

****************************************

## ക്രിക്കറ്റ്

ബ്രിസ്ബേനിൽ നടന്ന വനിതാ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ ആദ്യമത്സരത്തിൽ ഓസ്ട്രേലിയയ്ക്കെതിരെ ഇന്ത്യക്ക് തോൽവി. 5 വിക്കറ്റിനാണ് ഓസീസിൻറെ ജയം. ടോസ് നേടി ആദ്യം ബാറ്റ് ചെയ്ത ഇന്ത്യക്ക് 34.2 ഓവറിൽ 100 റൺസ് മാത്രമാണ് നേടാനായത്. മറുപടി ബാറ്റിങ്ങിനിറങ്ങിയ ഓസ്ട്രേലിയ 16.2

RNU TVPM

ഓവറിൽ 5 വിക്കറ്റ് നഷ്ടത്തിൽ ലക്ഷ്യം മറികടന്നു. പരമ്പരയിലെ രണ്ടാം മത്സരം ഞായറാഴ്ച നടക്കും.

****************************************

## ഐ.എസ്.എൽ

ഐ.എസ്.എൽ ഫുട്ബോളിൽ ഒഡിഷ എഫ്.സി, മുംബൈ സിറ്റിയുമായി ഏറ്റുമുട്ടും. വൈകുന്നേരം 7.30-ന് ഭുവനേശ്വരിലെ കലിംഗ സ്റ്റേഡിയത്തിലാണ് മത്സരം.

****************************************

## ലോക ചെസ്സ് ചാമ്പ്യൻഷിപ്പ്

ലോക ചെസ്സ് ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ ഡി ഗുകേഷും ലോക ചാമ്പ്യൻ ഡിങ് ലിറെനും തമ്മിലുള്ള ഒൻപതാം മത്സരം പുരോഗമിക്കുന്നു . 14 മത്സരങ്ങളുള്ള ചാമ്പ്യൻഷിപ്പിൽ എട്ടു മത്സരങ്ങൾ പൂർത്തിയായപ്പോൾ ഇരുവരും നാല് പോയിൻറ് വീതമാണ് നേടിയിരുന്നത്.

****************************************

## ഓഹരി

രാജ്യത്തെ ഓഹരിവിപണികളിൽ നേട്ടം. ബോംബെ ഓഹരിസൂചിക സെൻസെക്സ് 810 പോയിൻറ് നേട്ടത്തിൽ 81,766 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 241 പോയിൻറ് നേട്ടത്തിൽ 24,708ലും വ്യാപാരം അവസാനിപ്പിച്ചു.

****************************************

## കണ്ണൂർ കായികമേള

ഈ വർഷത്തെ കണ്ണൂർ സർവ്വകലാശാല കായികമേളയ്ക്ക് ശനിയാഴ്ച മാങ്ങാട്ടുപറമ്പ് സ്റ്റേഡിയത്തിൽ തുടക്കമാകും. വൈസ്ചാൻസലർ കെ. കെ. സാജു ഉദ്ഘാടനം നിർവഹിക്കും. സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്ത 63 കോളേജുകളിൽ നിന്നുമുള്ള ആയിരത്തിലധികം അത്‌ലറ്റുകൾ മേളയിൽ പങ്കെടുക്കും.

****************************************

RNU TVPM

## പാലപ്പിള്ളി-ആന ചെരിഞ്ഞു

തൃശൂർ പാലപ്പിള്ളിയിൽ വീട്ടുവളപ്പിലെ മാലിന്യക്കുഴിയിൽ വീണ ആനക്കുട്ടി ചെരിഞ്ഞു. വനംവകുപ്പ് അധികൃതർ സ്ഥലത്തെത്തിയെങ്കിലും രക്ഷപ്പെടുത്താൻ സാധിച്ചില്ല.

****************************************

## കെഎസ്എഫ്ഇ-

കെഎസ്എഫ്ഇയുടെ അടച്ചുതീർത്ത ഓഹരി മൂലധനം 200 കോടി രൂപയാക്കി ഉയർത്തി സർക്കാർ. സ്ഥാപനത്തിന്റെ പ്രവർത്തന വിപുലീകരണത്തിന് സഹായകമാകുന്ന നിലയിൽ മൂലധന പര്യാപ്തത ഉറപ്പാക്കാൻ തീരുമാനം സഹായകമാകുമെന്ന് മന്ത്രി കെ എൻ ബാലഗോപാൽ പറഞ്ഞു.

****************************************

## ഡാർക്ക് റൂം- മലപ്പുറം

കാഴ്ച പരിമിതർ നിത്യജീവിതത്തിൽ അനുഭവിക്കുന്ന പ്രയാസങ്ങൾ അനുഭവിച്ചറിയുന്നതിന് മലപ്പുറം കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ അകക്കാഴ്ച എന്ന പേരിൽ സജ്ജീകരിച്ച ഡാർക്ക് റൂം ജില്ലാ കലക്ടർ വി.ആർ വിനോദ് ഉദ്ഘാടനം ചെയ്തു. ഡാർക്ക് റൂം അനുഭവം നേരിട്ട് മനസ്സിലാക്കുന്നതിന് നിരവധി പേരാണ് എത്തിയത്. കാഴ്ചാപരിമിതരുടെ പ്രയാസങ്ങൾ മനസ്സിലാക്കി അവരെ ചേർത്തുപിടിക്കുന്നതിനായാണ് പരിപാടി സംഘടിപ്പിച്ചത്.

RNU TVPM

****************************************

## ഉദ്യമ 1.0

കേരളത്തെ ഉന്നതവിദ്യാഭ്യാസ ഹബ്ബാക്കി മാറ്റുന്നതിന്റെ അടുത്തഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി ഈ മാസം 7 മുതൽ 10 വരെ തിരുവനന്തപുരത്ത് ഉദ്യമ 1.0- ഉന്നതവിദ്യാഭ്യാസ കോൺക്ലേവ് സംഘടിപ്പിക്കും. ശനിയാഴ്ച ഉച്ചയ്ക്ക് 1.30ന് മന്ത്രി ആർ. ബിന്ദു ടാഗോർ തിയേറ്ററിൽ കോൺക്ലേവ് ഉദ്ഘാടനം ചെയ്യും.

****************************************